നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:222 05/03/2012 - ൽ മറുപടിക്ക്

## തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശറോഡുകളുടെ ശോച്യാവസ്ഥ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;<br><br>(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുള്ളതിനാൽ എന്നത്തേയ്ക്ക് അംഗീകാരം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (എ)<br>&<br>(ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശറോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മണ്ഡലത്തിലെ 38 റോഡുകൾ, 2011-12 സാമ്പത്തിക വർഷം തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽയിട്ടുണ്ട്. ഇതിൽ 6 റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ